**കെനിയയിലെ പ്രസിഡന്റ് ഉഹ്റു കെനിയാട്ടയ്ക്ക് പ്രധാനമന്ത്രി അയച്ച കത്തിന്റെ ഉള്ളടക്കം**

**സെപ്തംബർ 22, 2013**

നെയ്റോബിയിൽ നടന്ന തീവ്രവാദ ആക്രമണത്തെ പ്രധാനമന്ത്രി ശക്തമായി അപലപിക്കുകയും കെനിയയിലെ പ്രസിഡന്റിന് അയച്ച കത്തില് അനുശോചനം അറിയിക്കുകയും ചെയ്തു.

കത്തിന്റെ ഉള്ളടക്കം താഴെ ചേർക്കുന്നു. :

"എക്സലൻസി ,

നെയ്റോബിയിലെ വെസ്റ്റ് ഗേറ്റ് മാളിൽ നടന്ന ക്രൂരമായ തീവ്രവാദി ആക്രമണം എന്നെ ഞെട്ടിക്കുകയും ദുഖത്തിലാഴ്ത്തുകയും ചെയ്തു.
രണ്ടു പേരുടെയും രാജ്യങ്ങളിലെ ആളുകൾ ഉൾപ്പെടെയും നിരവധി നിരപരാധികളുടെ ജീവൻ എടുക്കപ്പെട്ട അതിക്രൂരവും വിവേകശൂന്യവുമായ ഈ ആക്രമണത്തെ ഇന്ത്യ ശക്തമായി അപലപിക്കുന്നു. ഇപ്പൊഴും നിലവിലുള്ള തീവ്രവാദ ഭീഷണി എന്ന ശല്യം അത് ആഗോള സമൂഹത്തിന്റെ യോജിച്ചുള്ളതും സ്ഥിരതയുള്ളതുമായ പ്രതികരണം ആവശ്യപ്പെടുന്ന ഉഗ്രമായ വെല്ലുവിളിയായി തുടരുന്നു എന്നും ഓർമ്മിപ്പിക്കുന്നതാണ് ഈ സംഭവം.
ദുഖം നിറഞ്ഞ ഈ ചുറ്റുപാടിൽ ഞങ്ങള് നിങ്ങളോടും ഗവൺമെന്റിനോടും കെനിയയിലെ ജനങ്ങളോടുമുള്ള ഐക്യദാർഢ്യം അറിയിയ്ക്കുന്നു. പ്രിയപ്പെട്ടവരുടെ വിയോഗം അനുഭവിക്കുന്നവരുടെ കുടുംബാംഗങ്ങളോടുള്ള ഞങ്ങളുടെ ഹൃദയംഗമമായ അനുശോചനവും പരിക്കേറ്റവർ

പൂർണമായും വേഗത്തിലും സുഖമാകട്ടെ എന്നുള്ള ആശംസകളും ദയവായി അവരോടു പങ്ക് വയ്ക്കുക . എക്സലൻസിക്കും കെനിയയിലെ ജനങ്ങൾക്കും ഈ ദുരന്തം നേരിടുവാനും പൂർവ്വസ്ഥിതി പ്രാപിക്കുവാനുമുള്ള കരുത്തുണ്ടാകുമെന്നും തീവ്രവാദ ശക്തികളോട് അചഞ്ചലമായി പ്രതികരിക്കുവാനും സാധിക്കുമെന്ന് എനിക്കു വിശ്വാസമുണ്ട് . നിങ്ങളുടെ ഉദ്യമങ്ങളിൽ സഹായിക്കുവാൻ ഞങ്ങള് നിങ്ങൾക്കൊപ്പം ഉണ്ടാകും .

എക്സലൻസി , ഉയർന്ന പരിഗണന നൽകിക്കൊണ്ടുള്ള എന്റെ ഉറപ്പുകള് , ദയവായി സ്വീകരിക്കുക "

**ന്യൂഡെൽഹി**
**സെപ്തംബർ 22, 2013**